12073
17/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് - വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം നൽകുന്നതിന് സംസ്ഥാന സർക്കാർ വിഹിതമായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.667/2014/സാനീവ                    തീയതി, തിരുവനന്തപുരം, 13.11.2014.

=====================================================================

പരാമർശം : 1. സ.ഉ.(എം.എസ്)നം. 16/2014/സാനീവ തീയതി 25.02.2014.

2. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറിയുടെ 05.06.2014 ലെ കെഎസ്ഡബ്ല്യൂബി1/പെൻഷൻ/2014 -15 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ ജീവനക്കാർക്കും മുൻ ജീവനക്കാർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച സംസ്ഥാന സർക്കാർ വിഹിതമായ 28,00,000/- രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 2014 - 15 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ വിഹിതമായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ 2235 - 02 -103-99-10 സാമൂഹ്യക്ഷേമ ബോർഡ് അംശദാനം(നോൺപ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28,00,000/- രൂപ(ഇരുപത്തിയെട്ടു ലക്ഷം രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൽ.എ. ഗ്രിഗോറിയസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്,
ശാസ്തമംഗലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.10.2014 ലെ 72788/ww2/Fin/2014 നമ്പർ U.O പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ